I/109602/2023

**വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ: പ്രിയങ്ക ജി. ഐ.എ.എസ്)**

വിഷയം:- വനിത ശിശുവികസന വകുപ്പ് ജീവനക്കാര്യം – ടൈപ്പിസ്റ്റ് തസ്തിക – സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് / സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് / യു ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ/സ്ഥലം മാറ്റം അനുവദിച്ചത്- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. വനിത ശിശുവികസന ഡയറക്ടറുടെ 29/07/2023ലെ DWCD/3748/2023-E3(1) നമ്പർ ഉത്തരവ്
2. വനിത ശിശുവികസന ഡയറക്ടറുടെ 12/01/2021 ലെ WCD-E8/12535/20 നമ്പർ ഉത്തരവ്
3. വനിത ശിശുവികസന ഡയറക്ടറുടെ 16/07/2021 ലെ WCD/E8-12535/20 നമ്പർ ഉത്തരവ്

**ഉത്തരവ് നം.DWCD/3748/2023-E3(1) തീയതി: 04-08-2023**

പരാമർശം (1) പ്രകാരം വനിത ശിശു വികസന വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ/സ്ഥലം മാറ്റം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. 36 ലെ ശ്രീമതി സുമന പി. എസ്., ക്രമ നം.37 ലെ ശ്രീമതി വീണ വി. എസ്. എന്നിവരുടെ സീനിയോരിറ്റി പുനക്രമീകരിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ശ്രീമതി വീണ വി. എസ്.-ന്റെ സീനിയോരിറ്റി നം. 36 ആയും ശ്രീമതി സുമന പി. എസ്.ന്റെ സീനിയോരിറ്റി നം.37 ആയും പുതുക്കി നിശ്ചയിച്ചിരുന്നു.

പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉദ്യോഗക്കയറ്റ ഉത്തരവിൽ പരാമർശം 3 പ്രകാരമുള്ള സീനിയോരിറ്റി പരിഗണിക്കാതെ ക്രമ നം. 36-ലെ ശ്രീമതി വീണ വി. എസ്.-നെ ഒഴിവാക്കി ക്രമ നം. 37 ലെ ശ്രീമതി സുമന പി. എസ്. ന് ഉദ്യോഗകയറ്റം അനുവദിക്കുകയും, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഉദ്യോഗകയറ്റം അനുവദിച്ച ശ്രീമതി മഞ്ജു എസ്., ശ്രീമതി ജസീല റ്റി. കെ. എന്നീ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാർ സേവനം അനുഷ്ഠിക്കുന്ന കാര്യാലയം യഥാക്രമം ആലപ്പുഴ ജില്ലാ വനിതാ ശിശു വികസന ഓഫീസിനു പകരം ഐ.സി.ഡി.എസ്. പന്തളം 2 എന്നും, ഐ.സി.ഡി.എസ്. കൊണ്ടോട്ടി അഡീഷണൽ എന്നതിനു പകരം ഐ.സി.ഡി.എസ്. കൊണ്ടോട്ടി എന്നുമാണ് രേഖപ്പെടുത്തിയിരുന്നത്.

ഈ സാഹചര്യത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം മുല്ലശ്ശേരി ഐ.സി.ഡി.എസ്. ലെ ശ്രീമതി സുമന പി. എസ്. ന് യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് അനുവദിച്ച ഉദ്യോഗകയറ്റം നൽകിയത് റദ്ദ് ചെയ്ത് ചുവടെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

I/109602/2023

<u>സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള ഉദ്യോഗകയറ്റം</u>

| ക്രമ നമ്പർ | പേര്, ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന കാര്യാലയവും തസ്തികയും | സീനിയോറിറ്റി നമ്പർ | സീനിയോറിറ്റി ഉത്തരവും നമ്പരും തീയതിയും | സ്ഥാനക്കയറ്റം അനുവദിക്കുന്ന തസ്തിക, കാര്യാലയം, പ്രാബല്യതീയതി |
|---|---|---|---|---|
| 1 | ശ്രീമതി മഞ്ജു എസ്. (PEN No. 454921) സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്<br><br>ജില്ലാ വനിതാ ശിശു വികസന ഓഫീസ്,ആലപ്പുഴ | 1 | DWCD/1971/2023-E8<br>Dt 04/07/2023 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്<br><br>ജില്ലാ വനിതാ ശിശു വികസന ഓഫീസ്, ആലപ്പുഴ<br><br>01.06.2022<br><br>(31/05/2022 തീയതിയിൽ ശ്രീമതി അനിതകുമാരി എ.പി., സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിരമിച്ച ഒഴിവ്) |
| 3 | ശ്രീമതി ജസീല റ്റി കെ (PEN No. 425611) സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്<br><br>ഐ.സി.ഡി.എസ്. കൊണ്ടോട്ടി അഡീഷണൽ | 3 | DWCD/1971/2023-E8<br>Dt 04/07/2023 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്<br><br>ഐ.സി.ഡി.എസ്. കൊണ്ടോട്ടി അഡീഷണൽ<br><br>01/06/2023<br><br>(31/05/2023 തീയതിയിൽ ശ്രീമതി ബീന യു. ജി., സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിരമിച്ച ഒഴിവ്) |